2025 SEPTEMBER
29
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# പുതുക്കിയ ജിഎസ്ടി: ഡിജിറ്റൽ പേയ്മെന്റുകളിൽ വൻ കുതിപ്പ്

**കൊച്ചി:** പുതുക്കിയ ചരക്കുസേവന നികുതി നിരക്കുകൾ നിലവിൽ വന്നതോടെ ഡിജിറ്റൽ പണമിടപാടുകളിൽ വൻ കുതിച്ചുചാട്ടം. പുതിയ നിരക്കുകൾ നിലവിൽ വന്ന ആദ്യദിനത്തിൽ മാത്രം 11 ട്രില്യൺ രൂപയുടെ ഇടപാടുകളാണു നടന്നത്. തൊട്ടുമുമ്പത്തെ ദിവസത്തേക്കാൾ 10 മടങ്ങിന്റെ വർധനയാണുണ്ടായതെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കുകൾ വ്യക്തമാക്കുന്നു.

കഴിഞ്ഞ 22നായിരുന്നു പുതുക്കിയ ജിഎസ്ടി നിരക്കുകൾ പ്രാബല്യത്തിൽ വന്നത്. അതിന് തൊട്ടുമുമ്പുള്ള ദിവസമായ 21 ലെ ഡിജിറ്റൽ പണമിടപാടുകൾ 1.1 ട്രില്യൺ രൂപയായിരുന്നു. ഇതാണ് 22ന് 11 ട്രില്യണായത്.

ഡിജിറ്റൽ പേയ്മെന്റുകളിൽ യുപിഐ, എൻഇഎഫ്ടി, ആർടിജിഎസ്, ഐഎംപിഎസ്, ഡെബിറ്റ് കാർഡുകൾ, ക്രെഡിറ്റ് കാർഡുകൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. ഈ ഇടപാടുകളിൽ 8.2 ട്രില്യൺ രൂപയുടെ



ഏറ്റവും വലിയ വിഹിതം ആർടിജിഎസിൽനിന്നാണ്. തൊട്ടുപിന്നാലെ എൻഇഎഫ്ടി ഇടപാടുകൾ 1.6 ട്രില്യൺ രൂപയും യുപിഐ ഇടപാടുകൾ 82,477 കോടി രൂപയുമായി.

ഇകൊമേഴ്സ് ഇടപാടുകളിൽ ക്രെഡിറ്റ് കാർഡ് പേയ്മെന്റുകൾ ആറ് മടങ്ങ് വർധിച്ച് 10,411 കോടി രൂപയായി. ഡെബിറ്റ് കാർഡ് പേയ്മെന്റുകൾ നാല് മടങ്ങ് വർധിച്ച് 814 കോടി രൂപയായി.

മിക്ക സാധനങ്ങളെയും അഞ്ച്, 18 ശതമാനം കുറഞ്ഞ സ്ലാബുകളിൽ ഉൾപ്പെടുത്തിയ പുതുക്കിയ ജിഎസ്ടി നിരക്കുകളാണ് ഇടപാടുകളിലെ വർധനയുടെ പ്രധാന കാരണം. പുതുക്കിയ ജിഎസ്ടി നടപ്പിലാക്കിയ ആദ്യ രണ്ട് ദിവസങ്ങളിൽ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളുടെ വിൽപ്പനയിൽ 23 മുതൽ 25 ശതമാനം വരെ വർധന ഉണ്ടായതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പുതിയ നികുതിവ്യവസ്ഥയ്ക്ക് കീഴിൽ 12 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളെ ആദായനികുതി അടയ്ക്കുന്നതിൽനിന്ന് ഒഴിവാക്കിയത് ഉൾപ്പെടെയുള്ള ചെലവ് വർധിപ്പിക്കാനുള്ള നടപടികൾ ഈ വർധനയ്ക്ക് സഹായകമായിട്ടുണ്ട് എന്നാണ് വിലയിരുത്തൽ.

ഇപ്പോഴത്തെ ചരക്ക് സേവന നികുതി ഇളവ് കാരണം ഇലക്ട്രോണിക്സ് ഉൽപ്പന്ന വിപണിയിൽ ഉത്സവകാല വിൽപ്പനയിൽ 30 ശതമാനം വരെ വർധന ഉണ്ടാകുമെന്നാണ് ഈ മേഖലയിലെ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. ഇതനുസരിച്ച് ഈ മാസത്തെ ഇനിയുള്ള ഏതാനും ദിവസങ്ങളിലും ഡിജിറ്റൽ പേയ്മെന്റുകൾ ക്രമാതീതമായ വർധിക്കുമെന്നാണ് പ്രതീക്ഷ.



# മാരുതി സുസുക്കിക്ക് വൻ നേട്ടം

**മുംബൈ:** വിപണിമൂല്യത്തിൽ ലോകത്തെ എട്ടാമത്തെ വലിയ വാഹന നിർമാണക്കമ്പനിയെന്ന നേട്ടം സ്വന്തമാക്കി ഇന്ത്യയുടെ മാരുതി സുസുക്കി. ഫോഡ്, ജനറൽ മോട്ടോഴ്സ് (ജിഎം), ഫോക്സ്വാഗൻ എന്നിവയെ പിന്തള്ളിയാണ് നേട്ടം. 58 മില്യൻ ഡോളറാണ് മാരുതിയുടെ ഇപ്പോഴത്തെ വിപണിമൂല്യം.

മാരുതിയുടെ ജാപ്പനീസ് മാതൃകമ്പനിയായ സുസുക്കിപോലും ഇതിനും പിന്നിലാണ്. ജിഎസ്ടി നിരക്കുകളിൽ ഇളവ് പ്രാബല്യത്തിൽ വന്നതിനു പിന്നാലെ ബുക്കിങ്ങിൽ ഇരട്ടിയോളം വളർച്ചയാണ് മാരുതി സുസുക്കി രേഖപ്പെടുത്തുന്നത്. നിലവിൽ രാജ്യമെമ്പാടുമായി ഓരോ ദിവസവും ശരാശരി 80,000 അന്വേഷണങ്ങൾ മാരുതിക്ക് കിട്ടുന്നുണ്ട്. നേരത്തേ ഇതു ശരാശരി 40,000-45,000 ആയിരുന്നു. പ്രതിദിന ബുക്കിങ് ശരാശരി 10,000ൽ നിന്ന് 18,000 ആയും ഉയർന്നു.

# സീപോർട്ട് എയർപോർട്ട് റോഡ്: 1.16 കി.മീ വികസനത്തിന് 17.3 കോടിയുടെ അനുമതി

**കൊച്ചി:** സീപോർട്ട് എയർപോർട്ട് റോഡിന്റെ എച്ച്എംടി മുതൽ എൻഎഡി വരെയുള്ള 1.16 കിലോമീറ്റർ ദൂരം നാലുവരിയായി വികസിപ്പിക്കുന്നതിന് 17.30 കോടി രൂപയുടെ ഭരണാനുമതിയായതായി മന്ത്രി പി.എ മുഹമ്മദ് റിയാസിന്റെ ഓഫീസ് അറിയിച്ചു. എൻഎഡിയുടെ ഭൂമി കൈമാറ്റം ചെയ്യുന്നതിനായി 32.26 കോടി രൂപയുടെ ഭരണാനുമതി നേരത്തേ നൽകിയിരുന്നു.



സീപോർട്ട് എയർപോർട്ട് റോഡ് രണ്ടാം ഘട്ടത്തിലെ ഒന്നാം സെക്ഷന്റെ ആദ്യത്തെ പാക്കേജാണ് എച്ച്എംടി എൻഎഡി റോഡ്. ഇതിന്റെ 11.3 കിലോമീറ്റർ ദൂരം നാലുവരിയായി പണിതീർത്തിട്ടുള്ളതാണ്. ഇതിന്റെ തുടർച്ചയായാണ് 1.16 കിലോമീറ്റർ കൂടി നാലുവരിപ്പാതയായി പണിയുക.

ടെൻഡർ നടപടികൾ പൂർത്തിയാക്കി ഉടനടി റോഡിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന് റിയാസ് പറഞ്ഞു.

# ഇന്ത്യയിലെ 10 മത്സ്യയിനങ്ങൾക്ക് ആഗോള സർട്ടിഫിക്കേഷൻ നടപടികൾ അന്തിമ ഘട്ടത്തിലേക്ക്

**കൊച്ചി:** ഇന്ത്യയിലെ പത്ത് മത്സ്യചെമ്മീൻ ഇനങ്ങൾക്ക് ആഗോള സർട്ടിഫിക്കേഷൻ നടപടികൾ അന്തിമ ഘട്ടത്തിലേക്ക് നീങ്ങുന്നു. ആഴക്കടൽ ചെമ്മീൻ, തീരച്ചെമ്മീൻ, കണവ, കൂന്തൽ, കിളിമീൻ, ഞണ്ട്, നീരാളി ഉൾപ്പെടെയുള്ള ഇനങ്ങളുടെ ശാസ്ത്രീയ വിലയിരുത്തലുകൾ ഉടനെ പൂർത്തിയാക്കും. ആഗോള അംഗീകാരമുള്ള മറൈൻ സ്റ്റിവാർഡ്ഷിപ്പ് കൗൺസിൽ (എം എസ് സി) സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികളാണ് അവസാന ഘട്ടത്തിലേക്ക് നീങ്ങുന്നത്.

എംഎസ്സി സർട്ടിഫൈഡ് സമുദ്രോൽപന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണികളിൽ 30% വരെ വില കൂടുതൽ ലഭിക്കുന്നുണ്ടെന്നും ഇത് ഇന്ത്യയുടെ സമുദ്രോൽപന്ന കയറ്റുമതി സാധ്യത വർദ്ധിപ്പിക്കുമെന്നും എം എസ് സി ഇന്ത്യ കൺസൽട്ടന്റ് ഡോ. രഞ്ജിത് ശുശീലൻ പറഞ്ഞു.

എം.എസ്.സിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ നടക്കുന്ന വേൾഡ് ഫുഡ് ഇന്ത്യയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനം (സിഫ്ട്) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളും സീഫുഡ് എക്സ്പോർട്ടേർസ് അസോസിയേഷനനുമ



ടങ്ങുന്ന വിവിധ ഏജൻസികളുടെ പിന്തുണയോടെയാണ് സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നത്.

ഭാവിയിൽ, സർട്ടിഫിക്കേഷൻ നടപടികൾക്കും സുസ്ഥിരത ഉറപ്പാക്കുന്നതിനും ഫണ്ട് വകയിരുത്താൻ കേന്ദ്ര സർക്കാറിന് പദ്ധതിയുണ്ടെന്ന് കേന്ദ്ര ഫിഷറീസ് വകുപ്പ് സീനിയർ ഉദ്യോഗസ്ഥൻ ഡോ. നീലേഷ് പവാർ പറഞ്ഞു. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന രണ്ടാം ഘട്ടത്തിലാണ് പണം വകയിരുത്തുക. സർട്ടിഫിക്കേഷന് ആവശ്യമായ ഗവേഷണം, വിലയിരുത്തൽ തുടങ്ങിയവ നടത്തുന്നതിനുള്ള സാമ്പത്തിക ചിലവിനാണ് ഇത് ഉപയോഗിക്കുക.

സുസ്ഥിര സർട്ടിഫിക്കേഷന് ആവശ്യമായ ഗവേഷണങ്ങൾ നടത്തുന്നതിന് സിഎംഎഫ്ആർഐ തയ്യാറാണെന്ന് ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ ലഭിക്കുന്നതിലൂടെ സമുദ്രോൽപന്നങ്ങൾക്ക് വിദേശ വിപണിയിൽ കൂടുതൽ സ്വീകാര്യത ലഭിക്കും. വിദേശ ഉപഭോക്താക്കൾക്കിടിയിൽ സ്വീകാര്യത ലഭിക്കാനിടയായാൽ അമേരിക്കയുടെ തീരുവ ഭീഷണി മറികടക്കാനാകുമെന്നാണ് സീഫുഡ് കയറ്റുമതി രംഗത്തുള്ളവർ കരുതുന്നത്.

അമിത മത്സ്യബന്ധനം കുറച്ച് മത്സ്യമേഖലയിൽ സുസ്ഥിര രീതികൾ നടപ്പിലാക്കാൻ ഇത്തരം സർട്ടിഫിക്കേഷൻ ഉപകരിക്കും.




# കേരളത്തെ ഫുഡ് ഡെസ്റ്റിനേഷൻ ആക്കിമാറ്റുമെന്ന് മന്ത്രി വീണാ ജോർജ്

**കൊച്ചി:** ഏറ്റവും മികച്ച ഭക്ഷണപദാർത്ഥങ്ങൾ കിട്ടുന്ന ഫുഡ് ഡെസ്റ്റിനേഷനാക്കി കേരളത്തെ മാറ്റുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. എറണാകുളം കസ്തൂർബ നഗറിൽ ആരംഭിച്ച ഫുഡ് സ്ട്രീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വഴിയോര ഭക്ഷണശാലകളിൽ നിന്ന് പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കുകയാണ് ഫുഡ് സ്ട്രീറ്റിന്റെ ലക്ഷ്യം. സംസ്ഥാനത്ത് ആരംഭിക്കുന്ന നാല് ആധുനിക ഫുഡ് സ്ട്രീറ്റുകളിൽ ആദ്യത്തേത് എറണാകുളത്താണ്. തിരുവനന്തപുരം, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലും ഫുഡ് സ്ട്രീറ്റുകൾ ഉടനെ തുറക്കും. അറുപത് ശതമാനം കേന്ദ്ര വിഹിതവും, നാൽപ്പത് ശതമാനം സംസ്ഥാന വിഹിതവും, കൂടാതെ ജി.സി.ഡി.എ നൽകിയ 30 ലക്ഷം രൂപയും ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയത്- മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ ജി.സി. ഡി.എ ചെയർമാൻ ചന്ദ്രൻപിള്ള അധ്യക്ഷനായി. കൊച്ചി മേയർ അഡ്വ.എം അനിൽ കുമാർ മുഖ്യ പ്രഭാഷണം നടത്തി.

എം.എൽ.എ മാരായ ടി. ജെ വിനോദ്, കെ.ജെ. മാക്സി , ഭക്ഷ്യ സുരക്ഷാ വകുപ്പ് കമ്മീഷണർ അഫ്സാന പർവീൺ, കൊച്ചി നഗരസഭ കൗൺസിലർ ലതിക ടീച്ചർ, ജി.സി. ഡി.എ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ കെ. കെ. ഷിബു, എ. ബി. സാബു, എ. എസ്. അനിൽ കുമാർ, ഹെൽത്ത് സർവീസ് ഡയറക്ടർ കെ. ജെ. റീന, എഫ്.എസ്.എസ്.എ.ഐ ഡെപ്യൂട്ടി ഡയറക്ടർ കെ. എൻ. ധന്യ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ആശ ദേവി, നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർ ഡോ.പേഴ്സിലിൻ ജോർജ്, ജി.സി. ഡി. എ സെക്രട്ടറി എം. വി. ഷാരി തുടങ്ങിയവർ പങ്കെടുത്തു.

## കുസാറ്റ്: ദി സൗണ്ട് ഓഫ് മ്യൂസിക് വർക്ക്ഷോപ്പ് ഒക്ടോബർ 3 മുതൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ യുവജന ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ ദി സൗണ്ട് ഓഫ് മ്യൂസിക് വർക്ക്ഷോപ്പ് ഒക്ടോബർ 3,4,5 തീയതികളിൽ ഹിന്ദി വകുപ്പ് ഓഡിറ്റോറിയത്തിൽ നടക്കും. സംഗീതത്തിന്റെ വിവിധ വശങ്ങളായ വോക്കൽ, ഇൻസ്ട്രമെന്റൽ, ക്ലാസ്സിക്കൽ തുടങ്ങിയവയ്ക്ക് പുറമേ പാട്ട് റെക്കോർഡിങ്ങുമായി ബന്ധപ്പെട്ട സാങ്കേതിക പരിശീലനം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ സെഷനുകൾ നടക്കും. സംഗീത സംവിധായകനായ രാഹുൽ രാജ് ഒക്ടോബർ 3ന് രാവിലെ 9.30 ന് ഹിന്ദി വകുപ്പ് ഓഡിറ്റോറിയത്തിൽ വർക്ക്ഷോപ്പിന്റെ ഉദ്ഘാടനം നിർവഹിക്കും. തുടർന്ന് സംഗീത സംവിധായകൻ ബേണി, സംഗീതജ്ഞയും മൃദംഗ വാദകയുമായ ചാരു ഹരിഹരൻ, മൈ സ്റ്റുഡിയോ സി.ഇ. ഒ യും കംപോസറുമായ വി. ഹരിശങ്കർ, തിരുവനന്തപുരം വിമൻസ് കോളേജ് മ്യൂസിക് വിഭാഗം അധ്യാപകരും സംഗീതജ്ഞരുമായ ഡോ. ധനലക്ഷ്മി, സജ്ന സുധീർ, വയലിനിസ്റ്റ് വിവേക്, മൃദംഗവാദകൻ ബെല്ലിക്കോത്ത് രാജീവ് ഗോപാൽ തുടങ്ങിയവർ വിവിധ സെഷനുകൾ നയിക്കും. സർവ്വകലാശാല വിദ്യാർത്ഥികളോടൊപ്പം സർവകലാശാലയ്ക്കു പുറത്തുള്ള

സംഗീതപ്രേമികൾക്കും വർക്ക്ഷോപ്പിൽ പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് https://welfare.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ 9447508345.

## അയ്യമ്പുഴയിൽ ഭിന്നശേഷി കലോത്സവം സംഘടിപ്പിച്ചു

**കൊച്ചി:** അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികൾക്കായി ഫീനിക്സ് കലോത്സവം സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. യു. ജോമോൻ ഉദ്ഘാടനം ചെയ്തു. അയ്യമ്പുഴ സെന്റ് മേരീസ് ചർച്ച് ഹാളിൽ നടന്ന പരിപാടിയിൽ സംഗീതം, നൃത്തം, നാടകങ്ങൾ തുടങ്ങി വൈവിധ്യമായ കലാപ്രകടനങ്ങൾ അരങ്ങേറി. ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് റിജി ഫ്രാൻസിസ് അധ്യക്ഷയായി. സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻമാരായ ടി. ആർ. മുരളി, റെജി വർഗീസ്, ടിജോ ജോസഫ്, മെമ്പർമാരായ ബിൽസി പി. ബിജു, എം. എം. ഷൈജു, വിജയശ്രീ സഹദേവൻ, ജയ ഫ്രാൻസിസ്, ശ്രുതി സന്തോഷ്, ലൈജു ഈരാളി, വർഗീസ് മാണിക്യത്താൻ, പഞ്ചായത്ത് സെക്രട്ടറി സുനിൽ, അയ്യമ്പുഴ പള്ളി വികാരി വർഗീസ് ആലൂക്ക, ഐ. സി. ഡി. എസ്. സൂപ്പർവൈസർ ഒ. വി. വിനീത എന്നിവർ പങ്കെടുത്തു.

## ചോറ്റാനിക്കര തെക്കിനേത്ത് നിരപ്പ് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായി

**കൊച്ചി:** ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ വികസന ദൗത്യത്തിന് കരുത്തായി തെക്കിനേത്ത് നിരപ്പ് കുടിവെള്ള പദ്ധതി നാടിന് സമർപ്പിച്ചു.ബ്ലോക്ക് പഞ്ചായത്തിന്റെ ഒമ്പത് ലക്ഷവും ഗ്രാമപഞ്ചായത്തിന്റെ എട്ട് ലക്ഷവും വിനിയോഗിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്. വേനൽക്കാലമായാൽ കുടിവെള്ളത്തിന് ബുദ്ധിമുട്ടിയിരുന്ന പ്രദേശമാണ് തേക്കിനേത്ത് നിരപ്പ്. കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായതോടെ പ്രദേശത്തെ അറുപതോളം കുടുംബങ്ങൾക്ക് ശുദ്ധജലം സുലഭമാകും.

ഒ. ഇ.എൻ. ഞാറത്തടം കുടിവെള്ള പദ്ധതി, തെക്കിനേത്ത് നിരപ്പ് കുടിവെള്ള പദ്ധതി, ജലധാര കുടിവെള്ള പദ്ധതി, മഹാത്മ കുടിവെള്ള പദ്ധതി എന്നീ പദ്ധതികളാണ് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ പഞ്ചായത്തിൽ പൂർത്തീകരിച്ച പ്രധാന കുടിവെള്ള പദ്ധതികൾ. പഞ്ചായത്ത് പ്രസിഡന്റ് എം. ആർ. രാജേഷ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പുഷ്പ പ്രദീപ്, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ.കെ സിജു, വാർഡ് അംഗങ്ങളായ പി.വി പൗലോസ്, പ്രകാശ് ശ്രീധരൻ, ലേഖ പ്രകാശ്, മിനി പ്രദീപ് തുടങ്ങിയവർ പങ്കെടുത്തു.

## ജില്ലയിലെ ഭക്ഷ്യഭദ്രതാ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കും


**കൊച്ചി:** ജില്ലയിലെ ഭക്ഷ്യ ഭദ്രതാ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗം അഡ്വ. സബിദാ ബീഗത്തിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ തീരുമാനം. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ പരിധിയിൽ വരുന്ന വിവിധ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായാണ് യോഗം നടന്നത്. സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അതിഥി തൊഴിലാളികൾക്ക് റേഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ അംഗം പറഞ്ഞു. ജില്ലയിലെ അതിദരിദ്രരെ കണ്ടെത്തി അന്ത്യോദയ അന്ന യോജന പദ്ധതിയുടെ അനുകൂല്യം ഉറപ്പാക്കണം. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, ജില്ലാ സപ്ലൈ ഓഫീസർ എസ്.ഒ ബിന്ദു, സപ്ലൈകോ റീജണൽ മാനേജർ ടി.ജെ ജയദേവ്, എഫ്.സി.ഐ ഡിവിഷണൽ മാനേജർ ശ്രേയൻസ് കുമാർ, ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർ സി.സുധ, മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കുട്ടികളുടെ ഹൃദയ ചികിത്സയിൽ മുന്നേറ്റവുമായി ആസ്റ്റർ മെഡ്സിറ്റി




**കൊച്ചി:** കേരളത്തിൽ ആദ്യമായി ശസ്ത്രക്രിയ ഇല്ലാതെ കത്തീറ്റർ കുഴൽ മാത്രം ഉപയോഗിച്ച് ഫോണ്ടൻ ചികിത്സ വിജയകരമായി പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി. കുട്ടികളുടെ ഹൃദ്രോഗചികിത്സയിൽ കേരളത്തിലെ ആരോഗ്യരംഗം കൈവരിയ്ക്കുന്ന വളരെ പ്രധാനപ്പെട്ട മുന്നേറ്റമാണിത്. ജന്മനാ ഹൃദ്രോഗം ബാധിച്ച രണ്ട് കുട്ടികളിലാണ് കേരളത്തിൽ മറ്റാരും ഇതുവരെ പരീക്ഷിച്ചിട്ടില്ലാത്ത ഈ പ്രത്യേക ചികിത്സാരീതി വിജയകരമായി പൂർത്തിയാക്കിയത്. ആരോഗ്യമുള്ള വ്യക്തികളിൽ ഹൃദയത്തിൽ നാല് അറകൾ ഉണ്ടാകും മുകളിലും താഴെയും രണ്ടെണ്ണം വീതം. ഹൃദയത്തിന്റെ താഴ്ഭാഗത്ത് ഒരു അറയുമായി മാത്രം ജനിക്കുന്ന കുട്ടികളിലാണ് സാധാരണ ഫോണ്ടൻ ശസ്ത്രക്രിയ ആവശ്യമായി വരുന്നത്. ഈ അവസ്ഥയിൽ ശ്വാസകോശത്തിൽ ആവശ്യത്തിന് രക്തം എത്തിക്കാൻ കഴിയാതെ വരും. സാധാരണഗതിയിൽ ഹൃദയം തുറന്ന് നടത്താറുള്ള (ഓപ്പൺ ഹാർട്ട് സർജറി) ശസ്ത്രക്രിയയിലൂടെയാണ് ഈ പ്രശ്നം പരിഹരിക്കുന്നത്. എന്നാൽ ശസ്ത്രക്രിയയും രക്തനഷ്ടവും ഇല്ലാതെ തന്നെ ഈ ലക്ഷ്യം പൂർത്തിയാക്കാൻ കഴിഞ്ഞു എന്നതാണ് പ്രധാന നേട്ടം. ഹൃദയത്തിൽ നിന്നും ശ്വാസകോശത്തിലേക്കുള്ള രക്തയോട്ടം തടസ്സപ്പെട്ട നിലയിലായിരുന്നു ഇടുക്കി സ്വദേശിനിയുടെ ജനനം. പൾമണറി അട്രീഷ്യ, ഇണ്ടാക്ട് വെൻട്രിക്യുലാർ സെപ്റ്റം എന്നീ പ്രശ്നങ്ങളാണ് കുട്ടിക്ക് ഉണ്ടായിരുന്നത്. ഇത് പരിഹരിക്കുന്നതിന് ജനിച്ചയുടൻ തന്നെ 'ഗ്ലെൻ ഷണ്ട്' എന്നറിയപ്പെടുന്ന ശസ്ത്രക്രിയ നടത്തിയിരുന്നു. അഞ്ചാം വയസിൽ വീണ്ടും ശസ്ത്രക്രിയ ചെയ്യേണ്ട സാഹചര്യം വന്നു. രക്തസ്രാവമോ രക്തകൈമാറ്റമോ കൂടാതെ ശസ്ത്രക്രിയ പൂർത്തിയാക്കണമെന്ന് കുട്ടിയുടെ കുടുംബത്തിന് നിർബന്ധമുണ്ടായിരുന്നു. ശസ്ത്രക്രിയയല്ലാത്ത മറ്റുമാർഗങ്ങൾ തേടിയാണ് കുട്ടിയുടെ രക്ഷിതാക്കൾ ആസ്റ്റർ മെഡ്സിറ്റിയിൽ എത്തിയത്. കൃത്യവും വിശദവുമായ പ്ലാനിങ്ങിന് ശേഷമാണ് കത്തീറ്ററിലൂടെ ചികിത്സ പൂർത്തിയാക്കാൻ തീരുമാനിച്ചത്. രക്തയോട്ടം തടസ്സപ്പെട്ട ഭാഗത്ത് ഒരു കത്തീറ്റർ കടത്തിവിട്ട് രക്തയോട്ടം സാധ്യമാക്കിയതോടെ കുഞ്ഞിന് വലിയ ആശ്വാസമായി. ചികിത്സ വിജയകരമായി പൂർത്തിയാക്കി അഞ്ചാം ദിവസം കുട്ടി ആശുപത്രി വിട്ടു. രണ്ട് മാസങ്ങൾക്ക് ശേഷം നടത്തിയ പരിശോധനയിൽ കുട്ടിയുടെ ആരോഗ്യനില മെച്ചപ്പെട്ടതായി ഡോക്ടർമാർ വിലയിരുത്തി. എറണാകുളം ജില്ലയിൽ നിന്നുള്ള നാലരവയസുകാരനും ഇതേ ചികിത്സയിലൂടെ രോഗമുക്തി നേടി. ഹൃദയത്തിന്റെ മുകളിലെ രണ്ട് അറകളിൽ നിന്നുള്ള ധമനികൾ താഴത്തെ രണ്ട് അറകളിലേക്ക് എത്തുന്നതിന് പകരം ഒരു കീഴറയിൽ മാത്രം ചെന്നെത്തുന്ന അവസ്ഥയായ 'ഡബിൾ ഇൻലെറ്റ് ലെഫ്റ്റ് വെൻട്രിക്കൽ' എന്ന രോഗമാണ് കുട്ടിക്ക് ഉണ്ടായിരുന്നത്. നേരത്തെ രണ്ട് തവണ കുട്ടിക്ക് പാലിയേറ്റിവ് ശസ്ത്രക്രിയകൾ നടത്തിയിരുന്നു. മൂന്നാമത് വീണ്ടും ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ നടത്താൻ മാതാപിതാക്കൾക്ക് മാനസികമായി ബുദ്ധിമുട്ടനുഭവപ്പെട്ടു. സിടി സ്കാൻ ഉപയോഗിച്ച് വിശദമായ പരിശോധനകൾ നടത്തിയ ശേഷം ട്രാൻസ്കത്തീറ്റർ ഫോണ്ടൻ ചികിത്സ നടത്തുകയായിരുന്നു. മറ്റ് പ്രശ്നങ്ങൾ ഒന്നുമില്ലാതെ ഈ കുഞ്ഞും അതിവേഗം സുഖം പ്രാപിച്ചു. കുട്ടികൾക്ക് ജന്മനാ ഹൃദ്രോഗമുള്ളതിനാൽ വിഷമത്തിൽ കഴിയുന്ന നിരവധി കുടുംബങ്ങൾക്ക് വലിയ പ്രതീക്ഷ നൽകുന്ന വൈദ്യശാസ്ത്ര മുന്നേറ്റമാണ് ആസ്റ്റർ മെഡ്സിറ്റി കൈവരിച്ചിരിക്കുന്നത്. ഏറെ ഫലപ്രദമായ ഈ ചികിത്സാരീതി കേരളത്തിൽ ആദ്യമായി അവതരിപ്പിക്കാൻ കഴിഞ്ഞതിൽ അഭിമാനവും സന്തോഷവുമുണ്ടെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗം ഡയറക്ടറും സീനിയർ കൺസൾട്ടന്റുമായ ഡോ. എഡ്വിൻ ഫ്രാൻസിസ് പറഞ്ഞു.

# പ്രൈം വോളിബോൾ ലീഗ് സീസൺ 4: കിരീടപ്രതീക്ഷയിൽ കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്



**കൊച്ചി:** പ്രൈം വോളിബോൾ ലീഗിൽ കഴിഞ്ഞ മൂന്ന് സീസണുകളിലും കൈവിട്ടുപോയ കിരീടം ഇത്തവണ സ്വന്തമാക്കാനുറച്ച് കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്. ഹൈദരാബാദിലെ ഗച്ചിബൗളി ഇൻഡോർ സ്റ്റേഡിയത്തിൽ ഒക്ടോബർ രണ്ടിന് തുടങ്ങുന്ന ആർആർബി കാബെൽ പ്രൈം വോളിബോൾ ലീഗിന്റെ നാലാം സീസണിന്റെ മുന്നോടിയായി ഒരു മാസത്തിലേറെ നീണ്ട പരിശീലനമാണ് ടീം നടത്തിയത്. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്പോർട്സ് സെന്ററിലെ കഠിന പരിശീലനത്തിന് ശേഷം ഇന്ന് ചാമ്പ്യൻഷിപ്പിനായി ടീം ഹൈദരാബാദിലേക്ക് യാത്ര തിരിക്കും. ഒക്ടോബർ 3ന് രാത്രി 8.30ന് ചെന്നൈ ബ്ലിറ്റ്സിനെതിരെയാണ് കൊച്ചി ബ്ലൂ സ്പൈക്കേഴ്സിന്റെ ആദ്യ മത്സരം. ലീഗിൽ ഇതുവരെയുള്ള ഏറ്റവും മികച്ച ടീമിനെയാണ് കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് സജ്ജമാക്കുന്നത്. അതിനാൽ ഇത്തവണ പ്രതീക്ഷകളും ഏറെയാണ്. ഇന്ത്യൻ ക്യാപ്റ്റൻ വിനീതകുമാറാണ് ടീമിനെ നയിക്കുന്നത്. ജൂണിൽ കോഴിക്കോട് നടന്ന താരലേലത്തിൽ ഏറ്റവും ഉയർന്ന തുകയായ 22.5 ലക്ഷം രൂപയ്ക്കാണ് വിനിത് കുമാറിനെ കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് സ്വന്തമാക്കിയത്. പാൻ അമേരിക്കൻ ഗെയിംസിൽ കാനഡക്ക് ചരിത്രസ്വർണം നേടിക്കൊടുക്കുന്നതിൽ നിർണായക പങ്കുവഹിച്ച സെറ്റർ ബെറോൺ കെറ്റുറാക്കിസും ഇന്ത്യൻ അറ്റാക്കർ ഹേമന്ദുമാണ് ഉപനായകർ. മുൻ ഫ്രഞ്ച് ദേശീയ താരം നിക്കോളാസ് മരേചാൽ ആണ് ടീമിലെ മറ്റൊരു വിദേശതാരം. 2015ലെ യൂറോപ്യൻ ചാമ്പ്യൻഷിപ്പും എഫ്ഐവിബി വേൾഡ് ലീഗും നേടിയ ഫ്രഞ്ച് ടീമിന്റെ ഭാഗമായിരുന്നു ഈ അറ്റാക്കർ. എറിൻ വർഗീസ്, അമൽ കെ തോമസ് എന്നിവരും അറ്റാക്കർമാരായി ടീമിനൊപ്പമുണ്ട്. ജൻഷാദ് യു ആണ് ടീമിലെ സെറ്റർ. ജസ്ജോധ് സിങ്, അമരീന്ദർപൽ സിങ്, ബിബിൻ ബിനോയ്, നിർമൽ ജോർജ് (ബ്ലോക്കർ), അലൻ ആഷിക്ക്, സൂര്യ സന്തോഷ് (ലിബെറോ), അഭിഷേക് സി.കെ (യൂണിവേഴ്സൽ) എന്നിവരാണ് സ്പൈക്കേഴ്സിന്റെ മറ്റു പടയാളികൾ. മുൻ സൗത്ത് ആഫ്രിക്കൻ പരിശീലകൻ സൈസ് വർധനാണ് ടീമിന്റെ മുഖ്യപരിശീലകൻ. ലയണൽ ബോണ്യൂർ, വർഗീസ് വി.ജെ, രാജൻ സി എന്നിവർ സഹപരിശീലകർ. കോർട്ടിനകത്തും പുറത്തും ടീം ഏറെ മുന്നോട്ട് പോയിട്ടുണ്ടെന്ന് ടീമിന്റെ ഒരുക്കങ്ങളെ കുറിച്ച് സംസാരിച്ച മുഖ്യ പരിശീലകൻ സൈസ് വർധൻ പറഞ്ഞു. ഞങ്ങൾ ഏറെ കഠിനാധ്വാനം ചെയ്തിട്ടുണ്ടെന്നും, ഓരോ മത്സരത്തിലും ഞങ്ങളുടെ ഏറ്റവും മികച്ച പ്രകടനം നൽകുമെന്നും ക്യാപ്റ്റൻ വിനിതകുമാർ പ്രതികരിച്ചു. ഒക്ടോബർ 2 മുതൽ 26 വരെയാണ് പ്രൈം വോളിബോൾ ലീഗ് നാലാം സീസൺ മത്സരങ്ങൾ. ഫൈനൽ ഉൾപ്പെടെ ആകെ 38 മത്സരങ്ങളാണ് ഈ സീസണിലുള്ളത്. ഒക്ടോബർ രണ്ടിന് വൈകിട്ട് 6.30ന് നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ ഹൈദരാബാദ് ബ്ലാക്ക് ഹോക്സ് കഴിഞ്ഞ സീസണിലെ ചാമ്പ്യന്മാരായ കാലിക്കറ്റ് ഹീറോസിനെ നേരിടും. ഒക്ടോബർ 19ന് രാത്രി 8.30നാണ് കൊച്ചി ബ്ലൂ സ്പൈക്കേഴ്സും കാലിക്കറ്റ് ഹീറോസും തമ്മിലുള്ള കേരള ഡെർബി. ഒക്ടോബർ 5ന് രണ്ടാം മത്സരത്തിൽ ഗോവ ഗാർഡിയൻസാണ് കൊച്ചിയുടെ എതിരാളികൾ. 7ന് കൊൽക്കത്ത തണ്ടർബോൾട്ട്സ്, 11ന് ബെംഗളൂരു ടോർപ്പിഡോസ്, 14ന് മുംബൈ മിറ്റിയോഴ്സ്, 21ന് അഹമ്മദാബാദ് ഡിഫൻഡേഴ്സ് ടീമുകളെയും കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് നേരിടും. സോണി സ്പോർട്സ് നെറ്റ്വർക്കിലും പ്രൈം വോളിബോൾ യൂട്യൂബ് ചാനലിലും മത്സരങ്ങൾ തത്സമയം കാണാം.



എറണാകുളം ഹോളി ഡേ ഇൻ ഹോട്ടലിൽ നടന്ന യങ് മൈൻഡ്സ് ഇന്റർനാഷണൽ പ്രഥമ അന്തർ ദേശീയ സമ്മേളനത്തിൽ ഇന്റർനാഷണൽ പ്രസിഡന്റ് ഡോ. കെ.സി സാമുവൽ, സെക്രട്ടറി ജനറൽ മാത്തുക്കുട്ടി സെബാസ്റ്റ്യൻ, ട്രഷറർ ആന്റണി ജോസഫ്, ബുള്ളറ്റിൻ എഡിറ്റർ ഡാനിയേൽ തോമസ് എന്നിവർ സത്യപ്രതിജ്ഞ ചൊല്ലി സ്ഥാനമേറ്റെടുത്തപ്പോൾ. അനു ഡാനിയേൽ, ആനി സാമുവൽ, സോണിയ മാത്തുക്കുട്ടി എന്നിവർ സമീപം

# യങ് മൈൻഡ്സ് ഇന്റർനാഷണൽ: ഭാരവാഹികളുടെ സ്ഥാനാരോഹണം നടന്നു

**കൊച്ചി:** യങ് മൈൻഡ്സ് ഇന്റർനാഷണൽ പ്രഥമ അന്തർ ദേശീയ സമ്മേളനം സമാപിച്ചു. എറണാകുളം ഹോളി ഡേ ഇൻ ഹോട്ടലിൽ നടന്ന സമ്മേളനത്തിന്റ സമാപന ദിവമായ ഇന്നലെ സംഘടനയുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം നടന്നു.

ഇന്റർനാഷനൽ പ്രസിഡന്റ് ഡോ. കെ.സി സാമുവൽ, സെക്രട്ടറി ജനറൽ മാത്തുക്കുട്ടി സെബാസ്റ്റ്യൻ, ട്രഷറർ ആന്റണി ജോസഫ്, ബുള്ളറ്റിൻ എഡിറ്റർ ഡാനിയേൽ തോമസ് എന്നിവരാണ് ചുമതലയേറ്റത്. സിഎൻഎൻ ന്യൂസ് 18 മാനേജിങ് എഡിറ്റർ സക്ക ജേക്കബ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. സംഘടനയുടെ മുതിർന്ന നേതാവ് ജേക്കബ്ബ് ചെറിയാൻ ഭാരവാഹികളെ ബാഡ്ജ് ധരിപ്പിച്ചു. കൺവെൻഷൻ ചെയർമാൻ ഐസക്ക് പാലത്തിങ്കൽ ചടങ്ങുകൾക്ക് നേതൃത്വം നൽകി. യങ് മൈൻഡ്സ് ഇന്റർ നാഷണലിന്റെ പ്രവർത്തനം കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുമെന്നും രണ്ടു വർഷം കൂടുമ്പോൾ സംഘടനയുടെ സമ്മേളനം സംഘടിപ്പിക്കുമെന്നും പ്രസിഡന്റ് ഡോ. കെ.സി സാമുവൽ പറഞ്ഞു.

സംഘടനയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഭവന പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽ ദാനവും ഡയലാസിസ് മെഷീൻ വാങ്ങി നൽകുന്നതിനുള്ള ധനസഹായവിതരണംവും റീനൽ കെയർ ആൻഡ് ഡയാലിസിസ് പദ്ധതിയുടെ ഭാഗമായി കിഡ്നി രോഗികൾക്ക് നൽകുന്ന സൗജന്യ ഡയാലിസിസ് കൂപ്പൺ വിതരണവും ചടങ്ങിൽ നടന്നു.ഡേവിസ് ലുവ (സിംങ്കപ്പൂർ), ഡോ. യൂൺ (കൊറിയ), കെ.എം സ്കറിയാച്ചൻ, രാജൻ പണിക്കർ, ആന്റോ കെ. ആന്റണി, ഐ. സി രാജു, ആന്റണി ജോസഫ്, പ്രതീഷ് പോൾ തുടങ്ങിയവർ സംസാരിച്ചു.

സെക്രട്ടറി ജനറൽ മാത്തുക്കുട്ടി സെബാസ്റ്റ്യൻ സംഘടനയുടെ ഭാവി പദ്ധതികൾ വിശദീകരിച്ചു. സമാപനത്തോടനുബന്ധിച്ച് ബിസിനസ് കണക്ട് എന്ന പേരിൽ നടന്ന സംവാദത്തിൽ ബിസിനസ് മേഖലയിലെ പ്രമുഖരായ ഐബിഎസ് ഗ്രൂപ്പ് ചെയർമാൻ വി.കെ മാത്യൂസ്, ഇസാഫ് ചെയർമാൻ ഡോക്ടർ പോൾ തോമസ് എന്നിവർ പങ്കെടുത്തു. മാധ്യമ പ്രവർത്തകൻ ഹാഷ്മി താജ് ഇബ്രാഹിം മോഡറേറ്ററായിരുന്നു.

# കുട്ടികളിലെ ന്യൂറോളജി പ്രശ്നം: ആധുനിക രീതിയിലുള്ള ഗവേഷണം അനിവാര്യം: ആസ്റ്റർ മൺസൂൺ സിഎംഇ



ആസ്റ്റർ മെഡ്സിറ്റിയിലെ ശിശുരോഗ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മൺസൂൺ സി.എം.ഇ ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് മുൻ ദേശീയ പ്രസിഡന്റ് ഡോ. ആർ. രമേഷ്കുമാർ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജീസൻ സി. ഉണ്ണി ഡോ. ദിലീപ് പണിക്കർ, ഡോ. ഗോപി മോഹൻ, ഡോ. വിവിൻ അബ്രാഹം, ഡോ. എബി മാത്യു, ഡോ. ഡേവിഡ്സൺ ദേവസ്യ, ഡോ. കെ.പി വിനയൻ, ഡോ. ഡോണ തെരേസ തുടങ്ങിയവർ സമീപം

**കൊച്ചി:** കുട്ടികളിലെ ന്യൂറോളജി സംബന്ധമായ രോഗങ്ങൾ കൃത്യമായി കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും ആധുനിക രീതിയിലുള്ള ഗവേഷണങ്ങളും വൈദ്യശാസ്ത്ര പരമായ സഹകരണങ്ങളും അനിവാര്യമാണെന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ ശിശുരോഗ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഒമ്പതാമത് മൺസൂൺ സി. എം.ഇ ആവശ്യപ്പെട്ടു. ആസ്റ്റർ മെഡ്സിറ്റിയിലെ നോളഡ്ജ് ഹബ്ബിൽ നടന്ന സമ്മേളനം ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് മുൻ ദേശീയ പ്രസിഡന്റ് ഡോ. ആർ. രമേഷ്കുമാർ ഉദ്ഘാടനം ചെയ്തു. ഡോ. ജീസൻ സി. ഉണ്ണി അധ്യക്ഷത വഹിച്ചു. ഡോ. ദിലീപ് പണിക്കർ, ഐ.എ.പി സംസ്ഥാന സെക്രട്ടറി ഡോ. ഗോപി മോഹൻ, ഐ.എ.പി കൊച്ചി ബ്രഞ്ച് പ്രസിഡന്റ് ഡോ. വിവിൻ അബ്രാഹം, ഡോ. എബി മാത്യു, ഡോ. ഡേവിഡ്സൺ ദേവസ്യ, ഡോ. ഡോണ തെരേസ തുടങ്ങിയവർ സംസാരിച്ചു. ഐഎൽഎഇ–ഏഷ്യാ ഓഷ്യാനിയ സെക്രട്ടറി ജനറൽ ഡോ. കെ.പി വിനയൻ ഡോ. പി.സി അലക്സാണ്ടർ അനുസ്മരണ പ്രഭാഷണം നടത്തി. പീഡിയട്രിക് ന്യൂറോളജി എന്ന വിഷയത്തിൽ നടന്ന സമ്മേളനത്തിൽ 54 ലധികം വിദഗ്ദ ഡോക്ടർമാർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. 110 ഓളം പേർ സമ്മേളനത്തിൽ പങ്കെടുത്തു.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള മുളന്തുരുത്തി അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് വാഹനം വാടകയ്ക്ക് ഓടിക്കുന്നതിന് താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. സെപ്റ്റംബർ 30 ഉച്ചയ്ക്ക് മൂന്നു വരെ ടെൻഡറുകൾ സമർപ്പിക്കാം. ഫോൺ: 04842786680, 9946001880, 9188959730

**കൊച്ചി:** വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള കൂവപ്പടി ഐ.സി.ഡി.എസിലേക്ക് ഒദ്യോഗികാവശ്യങ്ങൾക്കായി ഒരു വർഷത്തേക്ക് വാഹനം(കാർ) വാടകക്ക് നൽകുവാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡറുകൾ ഒക്ടോബർ 10 ന് ഉച്ചക്ക് രണ്ടിനുള്ളിൽ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് കൂവപ്പടി ശിശു വികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടുക

## വാക്ക് ഇൻ ഇൻറർവ്യൂ

**കൊച്ചി:** ജില്ലയിൽ കടൽ സുരക്ഷയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രത്യാശ മറൈൻ ആംബുലൻസിലേക്ക് പാരാമെഡിക്കൽ സ്റ്റാഫിനെ താൽക്കാലികമായി നിയമിക്കുന്നതിനായി വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. ബി.എസ്.സി/ നഴ്സിംഗ് പാസായ ആൺകുട്ടികൾക്ക് ഇൻറർവ്യൂവിൽ പങ്കെടുക്കാം. രണ്ടു വർഷത്തെ പ്രവർത്തിപരിചയം ഉള്ളവർ, ഓഖി ദുരന്തബാധിത കുടുംബങ്ങളിൽപ്പെട്ടവർ മൽസ്യത്തൊഴിലാളി കുടുംബാംഗം എന്നിവർക്ക് മുൻഗണന ലഭിക്കും. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ പ്രായം, മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, ഐഡന്റിറ്റി എന്നിവ തെളിയിക്കുന്ന അസൽ രേഖകൾ സഹിതം എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഒക്ടോബർ എട്ട് രാവിലെ 10.30 ന് ഹാജരാകേണ്ടതാണ്. ഫോൺ: 0484 2394476

## അഡ്മിഷൻ ആരംഭിച്ചു

**കൊച്ചി:** വിമുക്ത ഭടന്മാർ, വിധവകൾ, ആശ്രിതർ എന്നിവർക്കുള്ള പുനരധിവാസ പരിശീലനത്തിന്റെ ഭാഗമായി, എറണാകുളം ജില്ലാ സൈനികക്ഷേമ ഓഫീസിന്റെ ആഭിമുഖ്യത്തിൽ, കളമശ്ശേരിയിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേന്ദ്രത്തിൽ ഒക്ടോബർ 6 ന് ആരംഭിക്കുന്ന മൂന്ന് മാസം ദൈർഘ്യമുള്ള പ്രൊഫഷണൽ ഇൻ ഗ്രാഫിക് ഡിസൈൻ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. പ്രവേശനം സൗജന്യമാണ്.ഫോൺ : 04842422239.

## അപ്രന്റീസ് ക്ലാർക്ക് പരിശീലനം

**കൊച്ചി:** എറണാകുളം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഇടപ്പള്ളി ഐ.ടി.ഐയിലേക്ക് അപ്രന്റീസ് ക്ലർക്ക് പരിശീലനത്തിനായി അപേക്ഷ ക്ഷണിച്ചു. ബിരുദധാരികളും ഡി.സി.എ/ സി.ഒ.പി എ മലയാളം ടൈപ്പിംഗ് അറിവുമുള്ള പട്ടികജാതി യുവതി യുവാക്കൾക്കാണ് അവസരം. നിശ്ചിത മാതൃകയിലുള്ള അപേക്ഷയും, ജാതി, വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും സഹിതം സെപ്റ്റംബർ 30 വൈകിട്ട് അഞ്ചിന് മുൻപായി കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള ജില്ലാ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04842422256

## സാകല്യം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ട്രാൻസ് വ്യക്തികൾക്ക് തൊഴിൽ നൈപുണ്യം നേടുന്നതിനായി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന സാകല്യം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 18 വയസ്സ് പൂർത്തിയായതും ട്രാൻസ്ജെൻഡർ തിരിച്ചറിയൽ കാർഡ് ഉള്ളതുമായ തൊഴിൽരഹിതർക്ക് അപേക്ഷിക്കാം. നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ സെപ്റ്റംബർ 30 നുള്ളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം ജില്ല സാമൂഹ്യ നീതി ഓഫീസുമായി ബന്ധപ്പെടുക. 0484 2425377

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ സാമൂഹ്യനീതി ഓഫീസിലെ ഔദ്യോഗിക ഉപയോഗത്തിനായി 2018 നോ അതിനുശേഷമോ ടാക്സി പെർമിറ്റുള്ള എയർ കണ്ടീഷൻഡ് വാഹനം ഉള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ഒക്ടോബർ 22 വൈകിട്ട് മൂന്നിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഫോൺ: 0484 2425377.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്; ആധാർ സീഡിംഗ് സെപ്റ്റംബർ 30 വരെ

**കൊച്ചി:** കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എറണാകുളം മേഖലയിൽ നിന്നുള്ള പെൻഷൻ ഗുണഭോക്താക്കളുടെ ആധാർ സീഡിംഗ് സെപ്റ്റംബർ 30 നകം പൂർത്തിയാക്കണം.

ആധാർ സീഡിംഗ് നടത്തുന്നതിന് ആധാർ കാർഡ്, പെൻഷൻ ബുക്ക്, മത്സ്യത്തൊഴിലാളി പാസ് ബുക്ക് , ബാങ്ക് പാസ് ബുക്ക്, വയസ് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് എന്നിവ സഹിതം അതാത് ക്ഷേമനിധി ഓഫീസുകളിൽ ഹാജരാകേണ്ടതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



വിഗാർഡ് ബിഗ് ഐഡിയ 2025ലെ മത്സരവിജയികളോടൊപ്പം ഡോ.റീനാ മിഥുൻ ചിറ്റിലപ്പിള്ളി, വിഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി, ഇൻഡിപെൻഡന്റ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ്, ഡയറക്ടർ ആൻഡ് സിഒഒ വി. രാമചന്ദ്രൻ, ഇ.വൈ.എൽ.എൽ.പി പാർട്ണർ രാജേഷ് നായർ എന്നിവർ.

# വിഗാർഡ് ബിഗ് ഐഡിയ 2025: സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും വെല്ലൂർ വിഐടി യൂണിവേഴ്സിറ്റിയും ജേതാക്കൾ

**കൊച്ചി:** ബിസിനസ്, എഞ്ചിനീയറിങ് മേഖലകളിൽ വളർന്നുവരുന്ന യുവ പ്രതിഭകളെ കണ്ടെത്തുന്നതിനായി വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് നടത്തിവരുന്ന ബിഗ് ഐഡിയ മത്സരത്തിന്റെ പതിനഞ്ചാം പതിപ്പിൽ ബിസിനസ്സ് പ്ലാൻ മത്സരത്തിൽ സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ഭുവനേശ്വറും ടെക്ക് ഡിസൈൻ മത്സരത്തിൽ വിഐടി യൂണിവേഴ്സിറ്റി വെല്ലൂരും ജേതാക്കളായി. ബിസിനസ്സ് പ്ലാൻ മത്സരത്തിൽ ഐഐഎം ജമ്മു രണ്ടാം സ്ഥാനവും ഐഐഎം ലഖ്നൗ മൂന്നാം സ്ഥാനവും നേടി.

ഐഐഎം നാഗ്പുർ, ജംനാലാൽ ബജാജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് എന്നിവർ പ്രത്യേക ജൂറി പുരസ്കാരങ്ങൾക്കും അർഹരായി. ടെക്ക് ഡിസൈൻ മത്സരത്തിൽ ഐഐടി ഗുവാഹട്ടി രണ്ടാം സ്ഥാനവും, മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഐഐടി ബി.എച്ച്.യു വാരണാസി, ഐഐടി പാലക്കാട് എന്നിവർ പ്രത്യേക ജൂറി പുരസ്കാരങ്ങളും നേടി. ബിസിനസ്സ് പ്ലാൻ മത്സരത്തിലെ വിജയികൾക്ക് 3 ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് 2 ലക്ഷം രൂപയും മൂന്നാം സ്ഥാനക്കാർക്ക് 1 ലക്ഷം രൂപയുമാണ് സമ്മാനത്തുക. ടെക് ഡിസൈൻ വിഭാഗത്തിലെ വിജയികൾക്ക് ഒന്നര ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് 75,000 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 50,000 രൂപയും സമ്മാനമായി ലഭിച്ചു. മത്സരങ്ങളിലെ ഫൈനലിസ്റ്റുകൾക്ക് വിഗാർഡ് ഇൻഡസ്ട്രീസിൽ പ്രീ-പ്ലേസ്മെന്റ് ഇന്റർവ്യൂ, സമ്മർ ഇന്റേൺഷിപ് അവസരങ്ങളും ലഭിക്കും. വിഗാർഡിന്റെ മുൻനിര മാനേജ്മെന്റ് പ്രതിനിധികളുമായി സംവദിക്കാനും ആശയങ്ങൾ പങ്കുവെയ്ക്കാനുമുള്ള അവസരവും മത്സരാർത്ഥികൾക്ക് ലഭിച്ചു.

കൊച്ചി റാഡിസൺ ബ്ലൂവിൽ നടന്ന ചടങ്ങിൽ വിഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളിയും ഡോ.റീനാ മിഥുൻ ചിറ്റിലപ്പിള്ളിയും വിജയികൾക്കുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്തു. വിഗാർഡ് ഇൻസ്ട്രീസ് ലിമിറ്റഡ് ഇൻഡിപെൻഡന്റ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ് ചടങ്ങിൽ മുഖ്യാതിഥിയായി. പുതു തലമുറയുടെ അറിവിലും ചിന്താശേഷിയിലുമുള്ള വിഗാർഡിന്റെ വിശ്വസമാണ് തുടർച്ചയായ 15ാം വർഷവും ഈ ബിഗ് ഐഡിയ മത്സരം സംഘടിപ്പിക്കുവാൻ പ്രചോദനമായതെന്ന് മിഥുൻ കെ. ചിറ്റിലപ്പള്ളി പറഞ്ഞു. നവീനമായ ആശങ്ങളിലേക്ക് പുതു തലമുറയെ നയിക്കുന്നതിനായി ഒരുക്കുന്ന വേദിയാണിതെന്നും മിഥുൻ കെ ചിറ്റിലപ്പള്ളി പറഞ്ഞു

# കേരള ബാങ്കും കേരള സ്റ്റാർട്ടപ്പ് മിഷനും കൈകോർക്കുന്നു

## ഫിൻടെക് ഇന്നൊവേഷൻ ഹബ്ബ് സ്ഥാപിക്കാൻ ധാരണ

**കൊച്ചി:** ഐടി സാങ്കേതികവിദ്യയുടെ ചടുലമായ മാറ്റങ്ങൾ ബാങ്കിംഗ് മേഖലയിൽ സംഭവിക്കുമ്പോൾ അതിലൂടെ ഉയർന്നു വരുന്ന വെല്ലുവിളികൾ കൂടി നേരിടാൻ ബാങ്കുകൾ സജ്ജമായിരിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയ്ക്ക് ഈ വെല്ലുവിളി അവസരമാക്കി മാറ്റാൻ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കേരള ബാങ്ക് (കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്) സംഘടിപ്പിച്ച ഐടി കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങളിലും സഹകരണ ബാങ്കിംഗ് മേഖലയിലും ഡിജിറ്റൽ നവീകരണം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടു കൊണ്ട് ഫിൻടെക് ഇനോവേഷൻ സോൺ രൂപീകരിക്കാനായി കേരള ബാങ്കും കേരള സ്റ്റാർട്ടപ്പ് മിഷനും(കെഎസ് യുഎം) ധാരണാപത്രം ഒപ്പിട്ടു. ഐടി കോൺക്ലേവിൽ നടന്ന ചടങ്ങിൽ കേരള ബാങ്കിനുവേണ്ടി സിഇഒ. ജോർട്ടി എം. ചാക്കോയും കെഎസ്യുഎമ്മിനുവേണ്ടി സിഇഒ. അനൂപ് അംബികയും ധാരണാപത്രം കൈമാറി.

കേരള ബാങ്ക് സ്റ്റാർട്ടപ്പ് രംഗത്തേക്ക് കടന്നു വരുന്നതിന്റെ പ്രാഥമിക കാൽവയ്പാണ് ഫിൻടെക് ഇനോവേഷൻ സോണെന്ന് സഹകരണ വകുപ്പ് മന്ത്രി വി. എൻ വാസവൻ പറഞ്ഞു. മന്ത്രി പി രാജീവ്, നബാർഡ് ചെയർമാൻ കെ. വി ഷാജി, കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ സംബന്ധിച്ചു. ഫിൻടെക് സ്റ്റാർട്ടപ്പുകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവരുടെ വളർച്ചയ്ക്ക് വേഗത നൽകുന്നതിനുമായാണ് ഉഭയകക്ഷി സഹകരണം യാഥാർഥ്യമാക്കുന്നത്.

കേരള ബാങ്കിന്റെ കൊച്ചി കാക്കനാടുള്ള ഐ.ടി. ഡിപ്പാർട്ട്മെന്റ് വളപ്പിൽ ഫിൻടെക് ഇന്നൊവേഷൻ ഹബ്ബിനായി 1000 ചതുരശ്ര അടി സ്ഥലം ഒരുക്കും. മികച്ച ഭാവിവാഗ്ദാനം പ്രകടിപ്പിക്കുന്ന ഫിൻടെക് സ്റ്റാർട്ടപ്പുകളെ കണ്ടെത്തുന്നതിനും പിന്തുണയ്ക്കുന്നതിനുമായി കോഹോർട്ട് അടിസ്ഥാനത്തിലുള്ള ഫിൻടെക് ആക്സിലറേറ്റർ പ്രോഗ്രാമുകൾ നടത്തും. കേരള ബാങ്കിനും സഹകരണ ബാങ്കിംഗ് ഇക്കോസിസ്റ്റത്തിനും അനുയോജ്യമായ ഡിജിറ്റൽ ബാങ്കിംഗ് പരിഹാരമാർഗങ്ങളിൽ സഹകരിച്ചുള്ള നിർമ്മാണം പ്രോത്സാഹിപ്പിക്കും. മെന്റർഷിപ്പ്, ഫണ്ടിംഗ് പിന്തുണ, വിപണി പ്രവേശനം എന്നിവയിലൂടെ ഫിൻടെക് നവീകരണത്തിനായി അനുകൂലമായ ആവാസവ്യവസ്ഥ സൃഷ്ടിക്കുക തുടങ്ങിയവയാണ് ധാരണാപത്രത്തിലൂടെ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകൾക്ക് പ്രൂഫ് ഓഫ് കൺസെപ്റ്റ് പ്രോജക്റ്റുകൾ ഏറ്റെടുക്കാൻ അവസരം നൽകുക, ബാങ്കിംഗ്, ഫിനാൻസ് മേഖലകളിലെ വിദഗ്ദ്ധരെ ഉപയോഗിച്ച് മെന്റർഷിപ്പ് പിന്തുണ നൽകുക, പൈലറ്റ് ടെസ്റ്റിംഗിനായി ബാങ്കിന്റെ ഉപഭോക്തൃ അടിത്തറയിലേക്കും അടിസ്ഥാന സൗകര്യങ്ങളിലേക്കും പ്രവേശനം സാധ്യമാക്കുക എന്നിവ കേരള ബാങ്ക് സാധ്യമാക്കും.

കൊച്ചിയിലെ ഫിൻടെക് ഇന്നൊവേഷൻ ഹബ്ബ് സ്ഥാപിക്കുകയും ആവശ്യമായ മനുഷ്യവിഭവശേഷിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വിന്യസിക്കുകയും ചെയ്യുന്നത് കെഎസ് യുഎം ആണ്. ഇതിനു പുറമെ ആക്സിലറേറ്റർ പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുക, തിരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ, സാങ്കേതിക ഉപദേശം, നിക്ഷേപകരുമായുള്ള ബന്ധങ്ങൾ എന്നിവ നൽകുക, ഇന്നൊവേഷൻ ഗ്രാന്റുകൾ, സീഡ് ലോണുകൾ, ആഗോള വിപണി പ്രവേശനം പോലുള്ള നിലവിലുള്ള കെഎസ്യുഎം പിന്തുണ സ്കീമുകൾ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുക എന്നിവയും കെഎസ് യുഎമ്മിന്റെ ചുമതലയാണ്. ഈ സംയുക്ത സംരംഭത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള ബാങ്കിലെ ഐടി ചീഫ് ജനറൽ മാനേജരുടെ നേതൃത്വത്തിൽ ഇരു സ്ഥാപനങ്ങളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കും. മൂന്ന് വർഷമാണ് ധാരണാപത്രത്തിന്റെ കാലാവധി.

# കംപ്ലയൻസ് ഓഫീസേഴ്സ് ദിനാചരണം സംഘടിപ്പിച്ച് ഫെഡറൽ ബാങ്ക്

**കൊച്ചി:** ഫെഡറൽ ബാങ്ക് കംപ്ലയൻസ് ഓഫീസേഴ്സ് ദിനാചരണം സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി രാജ്യമെമ്പാടുമുള്ള ഫെഡറൽ ബാങ്ക് ശാഖകളിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും എത്രമാത്രം പാലിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ഇടപാടുകാരുടെയും ഓഹരിയുടമകളുടെയും താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നത് എന്നതിനാൽ ഒരു സ്ഥാപനത്തിന്റെ വളർച്ചയിൽ കംപ്ലയൻസ് നിർണായകമായ പങ്കാണ് വഹിക്കുന്നത്. നയങ്ങൾക്കും നിയമത്തിനും അനുസൃതമായി ഉത്തരവാദിത്തത്തോടെയാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിൽ കംപ്ലയൻസ് ഓഫീസറുടെ പങ്ക് വലുതാണെന്ന് ഫെഡറൽ ബാങ്ക് ഗ്രൂപ്പ് പ്രസിഡന്റും ചീഫ് കംപ്ലയൻസ് ഓഫീസറുമായ സി. എൻ സുനിൽ കുമാർ പറഞ്ഞു. സങ്കീർണ്ണമായ ആധുനിക സാഹചര്യങ്ങളിൽ സ്ഥാപനങ്ങളുടെ സുതാര്യതയും കാര്യശേഷിയും വർധിപ്പിക്കാൻ കംപ്ലയൻസ് ഓഫീസർമാർക്ക് സാധിക്കും. ഡാറ്റാ സുരക്ഷ ശക്തിപ്പെടുത്തി തട്ടിപ്പുകളിൽനിന്ന് സംരക്ഷണം നൽകാനും സേവനങ്ങളിൽ നീതി ഉറപ്പാക്കാനും ഇതുവഴി കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# എച്ച്.എൽ.എൽ പേരൂർക്കട ഫാക്ടറിക്ക് അംഗീകാരം

**കൊച്ചി:** എച്ച്.എൽ.എൽ ലൈഫ്കെയർ ലിമിറ്റഡിന്റെ പേരൂർക്കട ഫാക്ടറിയ്ക്കാണ് 2025ലെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലാർജ് സ്കെയിൽ വ്യവസായ വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമായത്.

എറണാകുളം അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ ആന്റ് എക്സിബിഷൻ സെന്ററിൽ നടന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ എംഎൽഎ റോജി എം. ജോൺ അവാർഡ് സമ്മാനിച്ചു. എച്ച്എൽഎൽ പേരൂർക്കട ഫാക്ടറിയുടെ യൂണിറ്റ് മേധാവി എൽ.ജി സ്മിതയും ഫാക്ടറിയിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ചേർന്നു അവാർഡ് സ്വീകരിച്ചു.1966 ൽ സ്ഥാപിതമായ എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള ഒരു മിനിരത്ന പൊതുമേഖലാ സ്ഥാപനമാണ്.

# കൊച്ചി ബിനാലെ ഫൗണ്ടേഷന് പ്ലാറ്റിനം ബെനഫാക്ടറായി ഷെഫാലി വർമ്മ

**കൊച്ചി:** കലാസ്വാദകയും സംരംഭകയുമായ ഷെഫാലി വർമ്മ കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ പുതിയ പ്ലാറ്റിനം ബെനഫാക്ടറായി. ദി ആർഡി ഫൗണ്ടേഷൻ, സെന്റർ ഫോർ കൾച്ചർ ആൻഡ് ആർട്ട് എന്നിവയുടെ ചെയർപേഴ്സൺ ആണ് ഷെഫാലി വർമ്മ. റിയൽ എസ്റ്റേറ്റ്, വിദ്യാഭ്യാസം, കായികം, കല എന്നിങ്ങനെ വിവിധ മേഖലകളിൽ നേതൃത്വപാടവം തെളിയിച്ച സംരംഭകയാണ് ഷെഫാലി വർമ്മ. കിരൺ നാടാർ, മറിയം റാം, ഷബാന ഫൈസൽ, സംഗീത ജിൻഡാൽ, അദീബ് അഹമ്മദ് എന്നിവർ ഉൾപ്പെടുന്ന പ്രമുഖരായ കെബിഎഫ് പ്ലാറ്റിനം ബെനഫാക്ടർമാരുടെ നിരയിലേക്കാണ് ഷെഫാലി വർമ്മ എത്തുന്നത്.







# താരത്തിളക്കത്തിൽ കല്യാൺ ജൂവലേഴ്സിന്റെ നവരാത്രി ആഘോഷം

**തൃശൂർ:** സിനിമയും സംസ്കാരവും പാരമ്പര്യവും ഇഴചേർന്നതായിരുന്നു തൃശൂരിൽ കല്യാണരാമൻ കുടുംബത്തിന്റെ വാർഷിക നവരാത്രി ആഘോഷങ്ങൾ. ബോളിവുഡിൽനിന്നും ദക്ഷിണേന്ത്യൻ സിനിമരംഗത്തുനിന്നുമുള്ള പ്രമുഖർ നവരാത്രി ആഘോഷങ്ങളിൽ പങ്കെടുക്കാനെത്തി.

നന്മയും തിന്മയും തമ്മിലുള്ള പ്രാപഞ്ചിക പോരാട്ടത്തിന്റെ പ്രതീകമായ പാലാഴി മഥനത്തിന്റെ ഐതിഹാസിക കഥ അനുസ്മരിച്ചു കൊണ്ടാണ് കല്യാണരാമൻ വസതിയിൽ ഈ വർഷത്തെ നവരാത്രി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. സന്തുലനം, പരിവർത്തനം, ദിവ്യബോധം എന്നിവയുടെ പ്രപഞ്ചശക്തിയായ ശിവഭഗവാനെ പ്രകീർത്തിക്കുന്ന വിധത്തിലുള്ള കൈലാസ പർവതത്തിന്റെയും പവിത്രമായ ശിവലിംഗത്തിന്റെയും ഗംഭീരമായ പുനർനിർമ്മാണമായിരുന്നു ഈ വർഷത്തെ ആഘോഷങ്ങളുടെ കാതൽ. ഏഴ് മാതൃഭാവങ്ങളിലുള്ള ദേവിമാരായ സപ്തമാതാക്കളുടെ ചിത്രീകരണവും ഒരുക്കിയിരുന്നു.

അന്ധകാസുരനെ പരാജയപ്പെടുത്തുവാനായി ജന്മമെടുത്തു എന്ന് വിശ്വസിക്കപ്പെടുന്ന ഉഗ്രവും രക്ഷാകരവുമായ ഈ രൂപങ്ങൾ സംരക്ഷണവും സമൃദ്ധിയും ആത്മീയ ഉന്നതിയും നൽകുന്നവയായി കരുതി ആരാധിക്കപ്പെടുന്നു. ഇവയെല്ലാം ചേർന്ന് പരിവർത്തനത്തിന്റെ സാരാംശവും ധർമ്മത്തിന്റെ വിജയവും ദൈവിക പുരുഷനും സ്ത്രീയും തമ്മിലുള്ള വിശുദ്ധമായ ബന്ധവും എല്ലാം ഒന്നിച്ച് പകർത്തിയിരിക്കുന്നു.

നവരാത്രി ആഘോഷത്തിന്റെ ഒരു പ്രധാന ആകർഷണം പരമ്പരാഗത ബൊമ്മക്കൊലു ആയിരുന്നു. ദിവ്യത്വത്തെയും ദൈനംദിന ജീവിതത്തെയും പ്രതിഫലിപ്പിക്കുന്നതിനായി ശ്രദ്ധാപൂർവ്വം ക്രമീകരിച്ച പാവകളുടെയും ചെറുപ്രതിമകളുടെയും ഊർജ്ജസ്വലവും പല തട്ടുകളിലുള്ളതുമായ ഒരു പ്രദർശനമാണ് ഇത്. ദക്ഷിണേന്ത്യൻ വീടുകളിലെ നവരാത്രി ആഘോഷങ്ങളുടെ ഭാഗമായുള്ള ഏറെ പ്രചാരത്തിലുള്ള ഒരു ആചാരമാണ് ബൊമ്മക്കൊലു. കല്യാണരാമൻ കുടുംബത്തിലെ ബൊമ്മക്കൊലുവിൽ പുരാണ കഥകൾ, ദൈനംദിന ജീവിതത്തിലെ രംഗങ്ങൾ, സരസ്വതി, പാർവതി, ലക്ഷ്മി എന്നീ ദേവതകളുടെ ദിവ്യ സാന്നിധ്യം എന്നിവയാണ് ചിത്രീകരിച്ചിരുന്നത്. അതിഥികളെ സ്വീകരിച്ചതിനൊപ്പം ബൊമ്മക്കൊലുവിനു പിന്നിലെ കഥകളും അവർക്കായി വിവരിച്ചു നൽകിയിരുന്നു.

# സിയാൽ നടപ്പിലാക്കുന്നത് 1,400 കോടിയുടെ വികസന പ്രവർത്തനങ്ങൾ: മുഖ്യമന്ത്രി



**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയായ സിയാൽ നടപ്പിലാക്കുന്നത് 1,400 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സിയാൽ ഓഹരിയുടമകളുടെ വാർഷിക പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു സിയാൽ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി. 2024 –2025 സാമ്പത്തിക വർഷം 1,142 കോടി രൂപയാണ് സിയാലിന്റെ മൊത്ത വരുമാനം. ലാഭം 489 .84 കോടി. നിക്ഷേപകർക്ക് ഡയറക്ടർ ബോർഡ് ശുപാർശ ചെയ്ത 50 ശതമാനം ലാഭവിഹിതം വാർഷിക പൊതുയോഗം അംഗീകരിച്ചു. 2024–25 സാമ്പത്തിക വർഷത്തിൽ, സിയാലിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന വരുമാനവും ലാഭവും രേഖപ്പെടുത്തിയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

'സാമ്പത്തിക അഭിവൃദ്ധിയിൽ മാത്രമല്ല, ഓപ്പറേഷണൽ മികവിലും, യാത്രക്കാരുടെ സംതൃപ്തി രേഖപ്പെടുത്തുന്ന സർവെകളിലും സിയാൽ തിളക്കമാർന്ന നേട്ടം കൈവരിച്ച വർഷമാണ് കടന്നുപോയത്. തുടർച്ചയായ മൂന്നാം സാമ്പത്തിക വർഷത്തിലും ഒരു കോടിയിലധികം യാത്രക്കാർ കൊച്ചി വിമാനത്താവളം വഴി കടന്നുപോയി. 76,068 സർവീസുകളാണ് ഈ കാലയളവിൽ സിയാൽ കൈകാര്യം ചെയ്തത്.

ഇന്ത്യൻ വ്യോമയാന മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വലിയ മാറ്റത്തെ ഉൾക്കൊള്ളാൻ, വൻകിട പദ്ധതികളാണ് സിയാൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര ടെർമിനൽ വികസനം അതിവേഗം പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായുള്ള പുതിയ ഏപ്രണിന്റെ നിർമാണ പ്രവർത്തനം അമ്പതുശതമാനം പൂർത്തിയായി. ടെർമിനൽ നിർമാണം തുടങ്ങിക്കഴിഞ്ഞു. ഇംപോർട്ട് കാർഗോ ടെർമിനൽ, അനിമൽ ക്വാറന്റൈൻ സംവിധാനം, 0484 എയ്റോ ലോഞ്ച്, കൊച്ചി വിമാനത്താവള ടാജ് ഹോട്ടൽ എന്നിവയുടെ പ്രവർത്തനവും ഇക്കാലയളവിൽ ആരംഭിക്കാനായി. വിമാനത്താവള പ്രവർത്തനങ്ങൾ സമ്പൂർണമായി ഡിജിറ്റൽവത്ക്കരണത്തിനായുള്ള സമഗ്ര പദ്ധതിയായ സിയാൽ ടു പോയിന്റ് ഒ യ്ക്കും തുടക്കമിടാൻ കഴിഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

'വ്യോമയാന ഇതര വരുമാനം വർധിപ്പിക്കാനുള്ള കൊമേഴ്സ്യൽ സോൺ നിർമാണം, ഗോൾഫ് ടൂറിസം പദ്ധതി എന്നിവയും അതിവേഗം പുരോഗമിക്കുകയാണ്. സൗരോർജ ഉൽപ്പാദന രംഗത്ത് നാം കൈവരിച്ച നേട്ടം അന്താരാഷ്ട്ര പ്രസിദ്ധി നേടി. നിലവിൽ 50 മെഗാവാട്ടാണ് സിയാലിന്റെ ഹരിത പദ്ധതികളുടെ മൊത്തം സ്ഥാപിതശേഷി. പകൽസമയത്ത് ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി, ഗ്രിഡിലേയ്ക്ക് നൽകുന്ന സാഹചര്യമാണ് നിലവിലുള്ളത്. സൗരോർജ വൈദ്യുതി, മെഗാവാട്ട് തോതിൽ സംഭരിച്ച്, രാത്രി കൂടി ഉപയുക്തമാക്കുന്ന തരത്തിലുള്ള പദ്ധതികൾക്ക് പലയിടത്തും തുടക്കമിട്ടിട്ടുണ്ട്. സിയാലും ഇത്തരമൊരു പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുകയാണ്. നടപ്പുസാമ്പത്തിക വർഷത്തിൽ ഇത് കമ്മിഷൻ ചെയ്യാൻ കഴിയും. ബി.പി.സി.എല്ലിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഹൈഡ്രജൻ ഉൽപ്പാദന പ്രോജക്ടും അന്തിമഘട്ടത്തിലാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ഓൺലൈനായി നടന്ന യോഗത്തിൽ മന്ത്രി പി. രാജീവ്, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് ഐ.എ.എസ്, മറ്റ് സിയാൽ ഡയറക്ടർമാർ, മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ്, കമ്പനി സെക്രട്ടറി സജി. കെ. ജോർജ് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി.




## ആർആർ കാബെൽ ഫ്യൂച്ചർ റെഡി വയർ സീരീസ് പുറത്തിറക്കി

**കൊച്ചി:** രാജ്യത്തെ ഇലക്ട്രിക് വയറുകളുടെയും കേബിളുകളുടെയും നിർമ്മാതാക്കളായ ആർആർ കാബെൽ നെക്സ്റ്റ് ജനറേഷൻ വയർ സൊല്യൂഷനുകളുടെ സീരിസ് കേരളത്തിൽ പുറത്തിറക്കി. അമിത താപനിലയും വൈദ്യുത ലോഡുകളും പ്രതിരോധിക്കാൻ ലക്ഷ്യമിട്ട് പുറത്തിറക്കിയ ഉൽപ്പന്ന നിരയിൽ ഫ്ളേമെക്സ് എച്ച്ആർ പ്ലസ് എഫ്ആർ, സൂപ്പറെക്സ് ഗ്രീൻ എച്ച്ആർ പ്ലസ് എഫ്ആർ, ഫയറെക്സ് എൽഎസ്ഒഎച്ച്ഇബിഎക്സ്എൽ തുടങ്ങിയ സീരീസുകൾ ഉൾപ്പെടുന്നു. കൂടുതൽ സുരക്ഷയും പ്രകടനവും സുസ്ഥിരതയും നൽകാൻ ലക്ഷ്യമിട്ടാണ് ഫ്യൂച്ചർ റെഡി വയർ സീരീസ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി അറിയിച്ചു. കൊല്ലത്തും മലപ്പുറത്തും നടന്ന ചടങ്ങിൽ ആർആർ കാബെൽ എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് കാബ്ര പുതിയ സീരീസ് പുറത്തിറക്കി. ഭവനങ്ങൾ കൂടുതൽ സ്മാർട്ടാകുന്ന ഇന്നത്തെ കാലത്ത് ആഗോളതാപനം പോലുള്ള പ്രശ്നങ്ങളാൽ താപനില ഉയരുമ്പോൾ, വയറുകളും അതിനൊത്ത് വികാസം പ്രാപിക്കണമെന്ന ലക്ഷ്യത്തോടെയാണ് പുതിയ സീരീസ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ആർആർ കാബെൽ എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് കാബ്ര പറഞ്ഞു. ഇന്നത്തെ ആവശ്യങ്ങൾക്കായി മാത്രമല്ല, ഉയർന്ന താപനിലയും വൈദ്യുത ലോഡുകളും മുതൽ കൂടുതൽ സുരക്ഷയും പ്രകൃതി സംരക്ഷണവും വരെയുള്ള നാളത്തെ വെല്ലുവിളികൾ കൂടി മുൻകൂട്ടി കണ്ടാണ് പുതിയ ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

## മിൽമ എറണാകുളം മേഖലാ യൂണിയൻ: 1163 കോടി രൂപ വിറ്റുവരവും ഒമ്പത് കോടിരൂപ അറ്റലാഭവുമുള്ള ബഡ്ജറ്റ്

**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയന്റെ 39ാം മത് വാർഷിക പൊതുയോഗം പെരുമ്പാവൂർ ടൗൺ ഹാളിൽ നടന്നു. 1163 കോടിരൂപ വിറ്റുവരവും,ഒമ്പത് കോടിരൂപ അറ്റലാഭവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് പൊതുയോഗം അംഗീകരിച്ചു.എറണാകുളം, തൃശൂർ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ എറണാകുളം മേഖലാ യൂണിയന്റെ അംഗങ്ങളായ ആയിരത്തോളം വരുന്ന പ്രാഥമിക ക്ഷീര സഹരണസംഘം പ്രസിഡൻറുമാർ പങ്കെടുത്ത വാർഷിക പൊതുയോഗത്തിൽ മേഖലാ യൂണിയൻ ചെയർമാൻ സി.എൻ.വത്സലൻ പിള്ള അദ്ധ്യക്ഷത വഹിച്ചു.

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ അടുത്ത അഞ്ച് വർഷത്തെ പ്രവർത്തന രൂപരേഖ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ചു. സംഭരണസംസ്കരണവിപണന രംഗത്ത് ഈ സാമ്പത്തിക വർഷം പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ തീരുമാനമെടുത്ത മേഖല യൂണിയൻ, നാലു ജില്ലകളിലെ ഡയറി പ്ലാന്റുകളുടെ വികസനത്തിനായി 60 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സംഭരണ മേഖലയെ ശക്തിപ്പെടത്തുന്നതിന് 10.15 കോടി രൂപയും, സെയിൽസ് പ്രൊമോഷന് 17 കോടിരൂപയും വക കൊള്ളിച്ചു. പൊതുയോഗത്തിൽ വച്ച് മികച്ച പുരസ്ക്കാരങ്ങൾ നേടിയ ക്ഷീരസംഘങ്ങൾ, കർഷകർ, സ്ഥാപനങ്ങൾ, ഏജൻറുമാർ എന്നിവരെ മേഖലാ യൂണിയൻ ചെയർമാൻ സി.എൻ.വത്സലൻപിള്ള ആദരിച്ചു.

## ആർസിഎം രൂപാന്തരൺ യാത്ര ഒക്ടോബർ രണ്ടിന് കൊച്ചിയിൽ

**കൊച്ചി:** രാജ്യത്തെ പ്രമുഖ ഡയറക്ട് സെല്ലിംഗ് കമ്പനിയായ ആർസിഎം 25ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന രൂപാന്തരൺ യാത്ര കേരളത്തിലെ നഗരങ്ങളിലെത്തുന്നു. യാത്ര ഒക്ടോബർ രണ്ടിന് കൊച്ചിയിലെത്തും. രൂപാന്തരൺ യാത്രയിൽ സ്ത്രീ സംരംഭകരുടെയും യുവ നേതാക്കളുടെയും സമൂഹത്തിൽ മാറ്റം വരുത്തുന്നവരുടെയും യഥാർത്ഥ ജീവിത കഥകൾ പ്രദർശിപ്പിക്കുകയും പ്രാദേശിക സമൂഹങ്ങൾക്ക് പുതിയ ഉപജീവന മാർഗങ്ങൾക്കും സ്വാശ്രയത്വത്തിനുമുള്ള അവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യും.

17,000 കിലോമീറ്റർ നീളുന്ന രാജ്യവ്യാപകമായി നടത്തുന്ന 100 ദിവസത്തെ യാത്ര 75 നഗരങ്ങൾ സന്ദർശിക്കുകയും ആരോഗ്യം, സേവനം, സംസ്കാരം എന്നിവയുടെ സന്ദേശം പ്രചരിപ്പിക്കുന്ന 25 പരിപാടികൾക്ക് ആതിഥേയത്വം വഹിക്കുകയും ചെയ്യും. കൊച്ചിയിലെ പരിപാടി നെടുമ്പാശ്ശേരിയിലെ എയർപോർട്ട് റോഡിലുള്ള സിയാൽ ട്രേഡ് ഫെയർ സെന്ററിൽ നടക്കും. കൊച്ചി കൂടാതെ രൂപാന്തരൺ യാത്രയ്ക്ക് തൃശ്ശൂരിലും കണ്ണൂരിലുമാണ് സ്വീകരണം ഒരുക്കിയിട്ടുള്ളത്.

# തടസ്സമില്ലാത്ത വായ്പ തിരിച്ചടവിനായി എൻബിബിഎൽ ഭാരത് കണക്റ്റ് ബന്ധൻ ബാങ്ക് റീട്ടെയിൽ അസറ്റ്സ് സഹകരണം

**കൊച്ചി:** നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (എൻപിസിഐ) പൂർണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ എൻപിസിഐ ഭാരത് ബിൽപേ ലിമിറ്റഡ് (എൻബിബിഎൽ), ബന്ധൻ ബാങ്കിനെ ഭാരത് കണക്റ്റുമായി ബന്ധിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. വ്യക്തിഗത വായ്പകൾ, വാഹന വായ്പകൾ, ഇരുചക്ര വാഹന വായ്പകൾ തുടങ്ങി വായ്പ വിഭാഗങ്ങളിലുടനീളം കുടിശ്ശികയായ തവണകൾ സുഗമമായി തിരിച്ചടയ്ക്കാൻ ഉപഭോക്താക്കളെ ഇത് സഹായിക്കും. ബന്ധൻ ബാങ്കിന്റെ മൊബൈൽ ആപ്പോ റീട്ടെയിൽ ഇന്റർനെറ്റ് ബാങ്കിംഗ് ഉപയോഗിച്ചോ അല്ലെങ്കിൽ ഭാരത് കണക്റ്റ് നൽകുന്ന 700ലധികം ആപ്പുകളും വെബ്സൈറ്റുകളും വഴിയോ ഉപഭോക്താക്കൾക്ക് തവണകൾ തിരിച്ചടയ്ക്കാം.

ബന്ധൻ ബാങ്കിന്റെ വായ്പ ഉപഭോക്താക്കൾക്ക് ഡിജിറ്റൽ തിരിച്ചടവ് സൗകര്യം ഇത് വിപുലീകരിക്കുന്നു. എൻപിസിഐ ഭാരത് ബിൽപേ ലിമിറ്റഡിന്റെ (എൻബിബിഎൽ) പ്ലാറ്റ്ഫോമായ ഭാരത് കണക്റ്റുമായുള്ള സഹകരണം, സമയബന്ധിതമായ വായ്പ തിരിച്ചടവിന് ലഭ്യമായ ഡിജിറ്റൽ സങ്കേതങ്ങളുടെ ശ്രേണി വിശാലമാക്കുന്നു, ഇത് മെച്ചപ്പെട്ട ഉപഭോക്തൃ സേവനം ഉറപ്പാക്കും.

ഉപയോക്തൃ സൗഹൃദവും ഒപ്പം നിശ്ചിത സമയപരിധി പാലിക്കാനും ഇത് സഹായിക്കുന്നു. ഭാരത് കണക്റ്റ് ഇൻഫ്രാസ്ട്രക്ചർ പ്രയോജനപ്പെടുത്തിക്കൊണ്ട് ഇന്ത്യയുടെ സാമ്പത്തിക ഉൾപ്പെടുത്തൽ ലക്ഷ്യങ്ങളെ പിന്തുണയ്ക്കുകയും ഡിജിറ്റൽ ഫസ്റ്റ്, ഉപയോക്തൃ കേന്ദ്രീകൃത ബാങ്കിംഗിനോടുള്ള ബന്ധൻ ബാങ്കിന്റെ പ്രതിബദ്ധത ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ഉപഭോക്താക്കൾക്കും വായ്പ ദാതാക്കൾക്കും ഒരുപോലെ സുഗമവും ആക്സസ് ചെയ്യാവുന്നതുമായ ഡിജിറ്റൽ തിരിച്ചടവ് പ്രാപ്തമാക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ബന്ധൻ ബാങ്കുമായുള്ള ഞങ്ങളുടെ പങ്കാളിത്തം ഉപഭോക്താക്കൾക്ക് അവരുടെ ഇഎംഐകൾ കൈകാര്യം ചെയ്യുന്നതിനുള്ള ലളിതവും വിശ്വസനീയവുമായ മാർഗം പ്രദാനം ചെയ്യുന്നു, കൂടാതെ 700ലധികം ആപ്പുകൾ, വെബ്സൈറ്റുകൾ, ഇന്ത്യയിലുടനീളമുള്ള 5 ദശലക്ഷം ഓഫ്‌ലൈൻ ഏജൻറുമാർ എന്നിവയിലൂടെ തടസ്സമില്ലാതെ പണമടയ്ക്കാൻ സഹായിക്കുന്നു. ബന്ധൻ ബാങ്കുമായുള്ള ഈ സഹകരണം ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സാമ്പത്തിക ഉൾപ്പെടുത്തൽ ശക്തിപ്പെടുത്താനുള്ള ഞങ്ങളുടെ ശ്രമങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നുവെന്നും എൻബിബിഎൽ എംഡിയും സിഇഒയുമായ നൂപുർ ചതുർവേദി പറഞ്ഞു.

ബന്ധൻ ബാങ്കിന്റെ എല്ലാ ഡിജിറ്റൽ നവീകരണവും ഉപഭോക്തൃ കേന്ദ്രീകൃതമാക്കുന്നതിലാണ് ഞങ്ങളുടെ ശ്രദ്ധ. ഭാരത് കണക്ട് പ്ലാറ്റ്ഫോമിൽ എൻപിസിഐ ഭാരത് ബിൽപേയുമായുള്ള സഹകരണം ഞങ്ങളുടെ ഉപഭോക്താക്കൾക്ക് സുഗമവും സുരക്ഷിതവും സൗകര്യപ്രദവുമായ തിരിച്ചടവ് സംവിധാനം പ്രദാനം ചെയ്യുന്നു.

ഈ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തുന്നതിലൂടെ, ഞങ്ങൾ വായ്പ തിരിച്ചടവുകൾ ലളിതമാക്കുക മാത്രമല്ല സാമ്പത്തിക ശാക്തീകരണവും സാധ്യമാക്കുന്നുണ്ടെന്ന് ബന്ധൻ ബാങ്കിന്റെ ഇഡിയും സിഇഒയുമായ രത്തൻ കുമാർ കേഷ് പറഞ്ഞു.

# സംഗീത ജിൻഡാലിന് നൈറ്റ് ഓഫ് ദി ഓർഡർ ഓഫ് ആർട്സ് ആൻഡ് ലെറ്റേഴ്സ് സമ്മാനിച്ചു



**കൊച്ചി:** ഫ്രാൻസിന്റെ ഏറ്റവും പ്രശസ്തമായ ബഹുമതികളിലൊന്നായ കലാസാഹിത്യ ബഹുമതിയായ നൈറ്റ് ഓഫ് ദി ഓർഡർ ഓഫ് ആർട്സ് ആൻഡ് ലെറ്റേഴ്സ് ജെഎസ് ഡബ്ല്യു ഫൗണ്ടേഷൻ ചെയർപേഴ്സൺ സംഗീത ജിൻഡാലിന് സമ്മാനിച്ചു. ഇന്ത്യയിലെ ഫ്രഞ്ച് അംബാസഡർ തിയറി മാത്തോ മുംബൈയിൽ വെച്ച് ഈ ബഹുമതി നൽകിയത്. ഇന്ത്യയിലെ കല, സംസ്കാരം, പൈതൃക സംരക്ഷണം എന്നീ മേഖലകളിലെ സംഗീത ജിൻഡാലിൻറെ മികച്ച സംഭാവനകളെയും ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള സാംസ്കാരിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള അർപ്പണബോധത്തെയും മാനിച്ചാണ് ഈ അവാർഡ് നൽകിയത്.

ജെഎസ്ഡബ്ല്യു ഫൗണ്ടേഷൻ മേധാവി എന്ന നിലയിൽ സംഗീത ജിൻഡാലിൻറെ പ്രവർത്തനങ്ങളിൽ സംസ്കാരത്തിന് പ്രഥമ സ്ഥാനം നൽകുകയും ഫ്രാൻസുമായി സജീവമായ പുതിയ പങ്കാളിത്തങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഹമ്പി ആർട്ട് ലാബ്സിലെ ആർട്ടിസ്റ്റ് റെസിഡൻസികളിലൂടെ ഇന്ത്യൻ, ഫ്രഞ്ച് കലാകാരന്മാർ തമ്മിൽ ബന്ധിപ്പിക്കുന്ന അർത്ഥപൂർണ്ണമായ ഇടങ്ങൾ അവർ സൃഷ്ടിച്ചു. 2024ൽ പാരീസ് ഒളിമ്പിക് ഗെയിംസിനോടനുബന്ധിച്ച് ഫ്രാൻസുമായി സഹകരിച്ച് കലയും കായികവും തമ്മിലുള്ള സംവാദത്തെ മുൻനിർത്തി. ഈ വർഷാവസാനത്തോടെ പാരീസിലെ മൊബിലിയർ നാഷണലിൽ സംഘടിപ്പിക്കുന്ന 'ടെക്സ്റ്റൈൽ മാറ്റേഴ്സ്' എന്ന പ്രദർശനത്തിലും അവർ പങ്കുചേരും.

# ആർകെസിപിഎൽ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഫ്ളൈ ഓവറുകൾ, പാലങ്ങൾ, റോഡ് ഓവർ ബ്രിഡ്ജുകൾ, ഹൈവേകൾ, എക്സ്പ്രസ് വേകൾ തുടങ്ങിയ വിവിധതരം സിവിൽ നിർമാണ, അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ പ്രവർത്തിക്കുന്ന ആർകെസിപിഎൽ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

ഐപിഒയിലൂടെ 1250 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

700 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 550 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഇക്വിറസ് ക്യാപ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ആനന്ദ് രതി അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഉത്സവകാല കാമ്പയിനുമായി ബാങ്ക് ഓഫ് ബറോഡ

**കൊച്ചി:** ബാങ്ക് ഓഫ് ബറോഡയുടെ ബോബ് കേ സംഗ് ത്യോഹാർ കി ഉമംഗ് എന്ന ഉത്സവകാല കാമ്പയിൻ ആരംഭിച്ചു. ഇതിന്റെ ഭാഗമായി റീട്ടെയിൽ, എംഎസ്എംഇ ഉപഭോക്താക്കൾക്കായി വൈവിധ്യമാർന്ന ഉത്സവ ഓഫറുകൾ അവതരിപ്പിച്ചു. കുറഞ്ഞ പലിശ നിരക്കുകൾ, പ്രത്യേക ഓഫറുകൾ, അധിക മൂല്യമുള്ള ആനുകൂല്യങ്ങൾ എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് ഉത്സവകാലം കൂടുതൽ ലാഭകരവും സന്തോഷകരവുമായി മാറ്റുകയാണ് ഈ കാമ്പയിന്റെ ലക്ഷ്യം.




പ്രോസസ്സിംഗ് ഫീസ് ഇല്ലാതെ 7.45 ശതമാനം മുതലുള്ള പ്രത്യേക വാർഷിക പലിശനിരക്ക്, വായ്പയ്ക്ക് അപേക്ഷിക്കുന്ന വനിതകൾക്കും യുവതലമുറയ്ക്കും (40 വയസ്സിൽ താഴെയുള്ളവർക്ക്) പലിശ നിരക്കിൽ ഇളവ്, എളുപ്പത്തിലുള്ള ടോപ്പ്അപ്പ് സൗകര്യം തുടങ്ങിയവയാണ് ഭവനവായ്പയുടെ പ്രധാന ഉത്സവ ഓഫറുകൾ.

കാർ ലോണിന് ആകർഷകമായ പലിശ നിരക്ക്, തിരിച്ചടവ് കാലാവധി ഇലക്ട്രിക് വാഹനങ്ങൾക്ക് 96 മാസം വരെയും മറ്റ് വാഹനങ്ങൾക്ക് 84 മാസം വരെയും, ഇലക്ട്രിക് വാഹനങ്ങൾക്കുള്ള പ്രോസസ്സിംഗ് ചാർജിൽ 50 ശതമാനം ഇളവ്, വാഹനത്തിന്റെ ഓൺറോഡ് വിലയുടെ 90 ശതമാനം വരെ വായ്പ തുടങ്ങിയവയും ലഭിക്കും.

ബാങ്ക് ഓഫ് ബറോഡ സ്വർണ്ണ വായ്പ, മോർട്ട്ഗേജ് വായ്പ എന്നിവയ്ക്ക് പരിമിതകാലത്തേക്ക് നിക്ഷേപത്തിൽ നിന്നുള്ള വരുമാന നിരക്കുകൾ വാഗ്ദാനം ചെയ്യുന്നുണ്ട്. ബോബ് മാസ്റ്റർസ്ട്രോക്ക് സേവിംഗ്സ് അക്കൗണ്ടിന് ലഭിച്ച മികച്ച പ്രതികരണത്തെത്തുടർന്ന് ബാങ്ക് ഓഫ് ബറോഡ കൂടുതൽ ആളുകൾക്ക് പ്രയോജനകരമായ, ലളിതമായ പതിപ്പ് ബോബ് മാസ്റ്റർസ്ട്രോക്ക് ലൈറ്റ് സേവിംഗ്സ് അക്കൗണ്ട് അവതരിപ്പിച്ചു. ബോബ് മാസ്റ്റേഴ്സ് ട്രോക്ക് ലൈറ്റിൽ കുറഞ്ഞ പ്രതിമാസ ശരാശരി ബാലൻസ് മതി. ഡൈനിംഗ്, യാത്ര, വിനോദം എന്നിവയിൽ ലൈഫ്സ്റ്റൈൽ ആനുകൂല്യങ്ങൾ, അപകട ഇൻഷുറൻസ്, മറ്റ് ആകർഷകമായ ഫീച്ചറുകൾ എന്നിവ ഇതിൽ ലഭ്യമാണ്. ഡിജിറ്റൽ ഇടപാടുകൾ കൂടുതലായി നടത്തുന്ന ബിസിനസുകൾക്കായി പ്രത്യേകമായി ബോബ് സ്മാർട്ട് കറന്റ് അക്കൗണ്ടുമുണ്ട്. മൈക്രോ, ചെറുകിട സംരംഭങ്ങൾക്ക് 10 മുതൽ 50 ലക്ഷം രൂപ വരെയുള്ള പ്രവർത്തന മൂലധന വായ്പകൾ വേഗത്തിൽ ലഭ്യമാക്കുന്ന ഡിജിറ്റൽ, ഈട് രഹിത വായ്പ പ്ലാറ്റ്ഫോമാണ് ബോബ് ഡിജി ഉദ്യവും ബാങ്കിനുണ്ട്. ഓഫറുകൾ ഓൺലൈനായി ബാങ്കിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയുംശാഖകളിലൂടെയും ലഭിക്കും

